"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.മായാ മേനോൻ, ഡോ.രാജി.എസ്.പി. എന്നിവർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA Nos.973 & 1069/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 23.06.2023-ലെ ഉത്തരവ് - അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2752/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.രാജി.എസ്.പി., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 20.06.2023 തീയതിയായ അപ്പീൽ (Annexure A6 in OA-1069/2023)
3. ഡോ.മായാ മേനോൻ ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 23.06.2023 തീയതിയായ അപ്പീൽ (Annexure A6 in OA-973/2023)
4. OA Nos.973 & 1069/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 23.06.2023-ലെ ഉത്തരവ്
5. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.
6. സ.ഉ (സാധാ) നം. 2637/2023/ആകുവ തീയതി 11.10.2023

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.മായ മേനോൻ, ഡോ.രാജി.എസ്.പി. എന്നിവർ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ യഥാക്രമം പരാമർശം (3) (2) അപ്പീൽ അപേക്ഷകൾ സമർപ്പിക്കുകയും,

ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA Nos.973 & 1069/2023 ഫയൽ ചെയ്യുകയും ഉണ്ടായി. സമാനമായ അപേക്ഷയുമായി ഫയൽ ചെയ്യപ്പെട്ട പ്രസ്തുത കേസുകൾ ഒന്നിച്ച് പരിശോധിച്ച ബഹു. ട്രൈബ്യൂണൽ 23.06.2023-ലെ ഉത്തരവ് പ്രകാരം പരാമർശം (3) (2) അപ്പീൽ അപേക്ഷകൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) ഒഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അനുലക്ഷ്മി ബഹു:ട്രൈബ്യൂണൽ മുമ്പാകെ പരാമർശം (1) നടപടിക്രമത്തിനെതിരായി ഫയൽ ചെയ്ത OA No.1265/2023-ന്റെ എതിർകക്ഷികളിൽ ഒരാൾ ഡോ.മായ മേനോൻ ആയതിനാൽ പ്രസ്തുത കേസിന്മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ 10.07.2023-ലെ ഉത്തരവ് അനുപാലിക്കുന്നതിന്റെ ഭാഗമായി ഡോ.അനുലക്ഷ്മിയോടൊപ്പം ഡോ.മായാ മേനോനെ സർക്കാർ മുമ്പാകെ കേൾക്കുകയും, പരാമർശം (6) ഉത്തരവ് പ്രകാരം ഡോ.മായ മേനോനെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിയമനം നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ഡോ.മായ മേനോൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും ഉത്തരവാകുകയും ചെയ്തിരുന്നു.

3) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (5) പ്രകാരം രൂപീകൃതമായ കമ്മിറ്റി ഡോ.രാജി.എസ്.പി. സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

4) ഡോ.രാജി എസ്.പി. സമർപ്പിച്ച പരാമർശം (2) അപ്പീലിലെ അപേക്ഷ:

സർവ്വീസിൽ 9 ½ വർഷവും തിരുവനന്തപുരത്തിന് പുറത്ത് ജോലി നോക്കി. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി, വർക്കല താലൂക്കാസ്ഥാന ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി, പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റം അപേക്ഷിച്ചു. പാറശ്ശാല താലൂക്കാസ്ഥാന ആശുപത്രിയിൽ നിലവിൽ ജോലി നോക്കി വരുന്ന ഡോ.ബിന്ദു.വി.എസ്. 13 വർഷമായി തിരുവനന്തപുരത്ത് തുടരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഡോ.അനിത ബിനു 12 വർഷമായി തിരുവനന്തപുരത്ത് തുടരുന്നു. നിലവിൽ കായംകുളം താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണം.

5) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷക 07.03.2019 മുതൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരുന്നു. പ്രസ്തുത സ്ഥാപനത്തിൽ അപേക്ഷകക്ക് പകരം നിയമിച്ച ഡോ.ശ്രീവത്സൻ 06.03.2019 മുതൽ കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലി നോക്കുന്നയാളാണ്. ഡോ.രാജി.എസ്.പി. സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്ന പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റത്തിന് പരിഗണിക്കാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. 23/01/2018 മുതൽ പീരുമേട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.നീതു.എസ്.പി.യെ വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിലും, 16/01/2018 മുതൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. അനുലക്ഷ്മി.സി.ജി.-യെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും പരാമർശം (1) നടപടിക്രമ പ്രകാരം നിയമനം നൽകിയിരുന്നു. ഡോ.രാജി.എസ്.പി. സ്ഥലംമാറ്റത്തിനായി 4-ാമതായി തിരഞ്ഞെടുത്ത പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ, പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റപ്പെടാൻ സാധിക്കുന്ന ഡോ.ബിന്ദു.വി.എസ്.-നെ, ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അനുലക്ഷ്മി.സി.ജി. ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1265/2023-ന്മേലുള്ള 10.07.2023-ലെ ഉത്തരവ് അനുപാലിക്കുന്നതിന്റെ ഭാഗമായി സ്ഥലംമാറ്റപ്പെട്ടു. അപേക്ഷക സ്ഥലംമാറ്റത്തിനായി 5-ാമതായി തിരഞ്ഞെടുത്ത കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ടിയാൾക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ആയതിനാൽ, ഡോ.രാജി.എസ്.പി.-യുടെ പരാമർശം (2) അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു.

6) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലയിൽസ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഒഫ്ത്താൽമോളജി വിഭാഗം ഡോ.രാജി.എസ്.പി. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

7) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA Nos.973 & 1069/2023-ന്മേലുള്ള 23.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/ആലപ്പുഴ

Dr.Maya Menon, Junior Consultant (Ophthalmology), Flat No.9A, Samrudhi Thampuran, Thampuranmukku.P.O., Vachiyoor, Thiruvananthapuram - 695 035.

Dr.Raji.S.P., Junior Consultant (Ophthalmology), TC-24/773, Mettukada, Thycaud. P.O., Thiruvananthapuram - 695 014.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 20-10-2023 16:18:49
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1-5160/2023/ആ.വ.ധ, തീയതി 26.10.
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടി
കൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(signed)
ആ.വ.ധയ്ക്ക് വേണ്ടി